''ഭരണഭാഷ - മാതൃഭാഷ''

വളരെ അത്യാവശ്യം/
സമയബന്ധിതം

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/784/15

ചാക്ക, തിരുവനന്തപുരം
തീയതി: 15.07.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 - എം.ഐ.എസ് മുഖേന പ്രിന്റ് എടുത്ത ഹാൾടിക്കറ്റുകളിലെ മേൽ നടപടികൾ സംബന്ധിച്ച്.

സൂചന:- 1.ജി1/784/15 നമ്പരായുള്ള 8.7.15 ലെ ചുറ്ററിയിപ്പ്
2.ജി1/784/15 നമ്പരായുള്ള 13.7.15 ലെ ചുറ്ററിയിപ്പ്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 ന് ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നതിന് എം.ഐ.എസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ച ട്രെയിനികൾക്ക് പരീക്ഷാകേന്ദ്രങ്ങളായി 66 സെന്ററുകളാണ് നിശ്ചയിച്ചിരുന്നത്. രണ്ടാം സെമസ്റ്റർ (റഗുലർ) ട്രെയിനികൾക്ക് പരീക്ഷാകേന്ദ്രങ്ങളായി 93 സെന്ററുകളും നിശ്ചയിക്കുകയുണ്ടായി. എന്നാൽ ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) ക്ക് അപേക്ഷ സമർപ്പിച്ച ട്രെയിനികൾക്ക് 93 കേന്ദ്രങ്ങളിൽ സെന്റർ നിശ്ചയിച്ചാണ് എം.ഐ.എസ് പോർട്ടൽ മുഖേന ഹാൾടിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മുമ്പ് നിശ്ചയിച്ചിട്ടുള്ള 66 സെന്ററുകളിൽ വച്ച് മാത്രമേ ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ നടത്താൻ സാധിക്കുകയുള്ളൂ. ടി സാഹചര്യത്തിൽ ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ ഹാൾടിക്കറ്റുകളിൽ താഴെ പറയും പ്രകാരം നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1. എം.ഐ.എസ് പോർട്ടൽ മുഖേന പ്രിന്റ് എടുത്ത ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (റഗുലർ) ട്രെയിനികളുടെ ഹാൾടിക്കറ്റുകൾ അതാത് സ്ഥാപന മേധാവികൾ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ ഹാജരാക്കി ടി ഹാൾടിക്കറ്റിൽ മേലൊപ്പ് ചാർത്തി കൈപ്പറ്റാൻ സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (റഗുലർ) എന്നീ പരീക്ഷകൾക്ക് ഒറ്റ ഹാൾടിക്കറ്റാണ് എം.ഐ.എസ് പോർട്ടൽ മുഖേന ലഭ്യമാകുന്നത്. ആയത് പ്രകാരം പ്രസ്തുത ഹാൾടിക്കറ്റുകൾ പ്രിന്റ് എടുത്തു നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ ഹാജരാകേണ്ടതാണ്. **ട്രെയിനികളുടെ ഫോട്ടോ ഈ ഹാൾടിക്കറ്റിലെ നിർദ്ദിഷ്ട സ്ഥാനത്ത് ഒട്ടിച്ച് ടി ഫോട്ടോയിൽ സ്ഥാപനമേധാവികൾ മേലൊപ്പ് ചാർത്തിയാകണം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്**

മുമ്പാകെ ഹാജരാകേണ്ടത്. (ഹാൾടിക്കറ്റിന്റെ മാതൃക ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.)

2. ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയുടെ സെന്ററുകളുടേയും ടി പരീക്ഷാസെന്ററുകൾക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളുടേയും പട്ടിക ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. ടി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരീക്ഷാകേന്ദ്രം തന്നെയാണോ ബന്ധപ്പെട്ട സ്ഥാപനത്തിലെ ട്രെയിനികളുടെ ഹാൾടിക്കറ്റിൽ (ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി)യുടെ) പ്രിന്റ് ചെയ്തിരിക്കുന്നത് എന്ന് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിക്കേണ്ടതാണ്. പരീക്ഷാസെന്ററുകളിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ടി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശരിയായ പരീക്ഷാകേന്ദ്രങ്ങളുടെ പേരു വിവരങ്ങൾ (ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) ഹാൾടിക്കറ്റിൽ തിരുത്തി സൂചന (1) ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മെലോപ്പ് ചാർത്തി നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല. ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി)യുടെ ഹാൾടിക്കറ്റിൽ പ്രിന്റ് ചെയ്തിരിക്കുന്ന പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റം ഇല്ല. ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാത്ത ട്രെയിനികളുടെ വിവരങ്ങൾ ഹാൾടിക്കറ്റിൽ ഉൾപ്പെട്ടു വന്നിട്ടുണ്ടെങ്കിൽ ടി വിവരങ്ങൾ ക്യാൻസൽ ചെയ്യേണ്ടതാണ്. രണ്ടാം സെമസ്റ്റർ (റഗുലർ) ട്രെയിനികളുടെ ഹാൾടിക്കറ്റുകളും മേലൊപ്പു ചാർത്തി നൽകേണ്ടതാണ്.

3. ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതുന്ന ട്രെയിനികളുടെ ഹാൾടിക്കറ്റിൽ ശരിയായ പരീക്ഷാകേന്ദ്രങ്ങളുടെ വിവരങ്ങൾ തിരുത്തൽ വരുത്തി നൽകാതിരിക്കുകയും ട്രെയിനികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ ആയതിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും മാത്രമാണ് ഉത്തരവാദിത്വം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.20.07.2015 മുതൽ പരീക്ഷകൾ നടക്കും എന്നുള്ളതിനാൽ ടി നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഐ.ടി.മാർ ടി വിഷയത്തിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- പട്ടിക

എല്ലാ ഗവ/സ്വകാര്യ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി സ്ഥാപനമേധാവികൾക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എ-14.7.15